എ.ഇ.എൽ /39183/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 09.03.2015

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 12/2015

വിഷയം: സഹകരണ വകുപ്പ് - കോമൺ ലിക്വിഡേഷൻ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 25/11/2014 ലെ 142/2014/സഹ നമ്പർ വിജ്ഞാപനം

.................

1969 ലെ കേരള സഹകരണ ചട്ടം 69 (10) ഭേദഗതി ചെയ്യുകയും, ആയത് പ്രകാരം, ബാധ്യത തീർക്കാൻ അവകാശികളുടെ താമസ സ്ഥലമോ, വിലാസമോ അറിയാൻ കഴിയാത്ത കാരണത്താൽ, ധനസഹായ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുക മൂന്ന് വർഷം കഴിഞ്ഞാലുടൻ രജിസ്ട്രാർക്ക് സ്വമേധയാലോ ലിക്വിഡേറ്ററുടെയോ, ജില്ലാ ജോയിന്റ രജിസ്ട്രാർ (ജനറൽ) ടെയോ അപേക്ഷ പ്രകാരമോ പ്രസ്തുത തുക, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ടെ പേരിൽ ധനസഹായ ബാങ്കിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. സമാപ്തീകരണത്തിലുള്ള സഹകരണ സംഘങ്ങളുടെ ബാദ്ധ്യതകൾ എല്ലാം ഒടുക്കിയതിന് ശേഷം മിച്ചം വരുന്ന മുഴുവൻ തുകയും ധനസഹായ ബാങ്കിൽ 3 വർഷത്തേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്. 3 വർഷം കഴിഞ്ഞാലുടൻ ടി തുക, സഹകരണ സംഘം രജിസ്ട്രാറുടെ സ്വമേധയാലോ, ജോയിന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേനെ ലിക്വിഡേറ്റർ നൽകുന്ന അപേക്ഷ പ്രകാരമോ ഉള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ടെ പേരിൽ ധനസഹായ ബാങ്കിൽ/ജില്ലാ സഹകരണ ബാങ്കിൽ ഉള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കൂടാതെ നിലവിൽ ധനസഹായ ബാങ്കിൽ, നിക്ഷേപിച്ചിരിക്കുന്ന, സമാപ്തീകരണത്തിലായ സഹകരണ സംഘങ്ങളുടെ മിച്ചമുള്ള മുഴുവൻ തുകയും

സഹകരണ സംഘം രജിസ്ട്രാറുടെയോ, ജോയിന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേനെ ലിക്വിഡേറ്റർ നൽകുന്ന അപേക്ഷ പ്രകാരമോ ഉള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ടെ പേരിൽ ധനസഹായ ബാങ്കിൽ/ജില്ലാ സഹകരണ ബാങ്കിൽ ഉള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേയ്ക്ക് ജില്ലാ സഹകരണ ബാങ്ക് മാറ്റേണ്ടതാണ്. ഇപ്രകാരം മാറ്റിയ വിവരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറെയും അസിസ്റ്റന്റ് രജിസ്ട്രാറെയും ജില്ലാ ബാങ്ക് രേഖാ മൂലം അറിയിക്കേണ്ടതാണ്.

II. സഹകരണ സംഘം രജിസ്ട്രാറുടെ സ്വമേധയാലോ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേനെ ലിക്വിഡേറ്ററുടെ അപേക്ഷ പ്രകാരമോ ഉള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും, ടി ഉത്തര വിൽ പരാമർശിച്ചിട്ടുള്ള തുക സഹകരണ സംഘം രജിസ്ട്രാറുടെ രേഖാമൂലമുള്ള ഉത്ത രവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) പിൻവലിച്ച് സമാ പ്തീകരണത്തിലുള്ള മറ്റ് സഹകരണ സംഘങ്ങളുടെ അന്തിമ സമാപ്തീകരണം പൂർത്തി യാക്കുന്നതിന് സാദ്ധ്യമാക്കുന്ന വിധമുള്ള സർക്കാർ ബാദ്ധ്യത ഒടുക്കുന്നതിന് അനു വാദം നൽകിയപ്രകാരം വിനിയോഗിക്കാവുന്നതും അപ്രകാരം ടി സംഘങ്ങളുടെ അന്തിമ സമാപ്തീകരണ നടപടികൾ അതാത് ലിക്വിഡേറ്റർമാർ പൂർത്തിയാക്കേണ്ടതു മാണ്.

III. കോമൺ ലിക്വിഡേഷൻ ഫണ്ട് സംബന്ധിച്ച കണക്കുകൾ അതാത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാരുടെ ഉത്തരവാദിത്വത്തിൽ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് സംബന്ധിച്ച എല്ലാ റിക്കാർഡുകളും, ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ.ഇ.എൽ ആഡിറ്റ് ഉൾപ്പെടെയുള്ള, ആഡിറ്റിന് ഹാജരാക്കേണ്ട തുമാണ്.

IV. സ്ഥലം മാറിപോകുമ്പോഴോ, വിരമിക്കുമ്പോഴോ കോമൺ ലിക്വിഡേഷൻ ഫണ്ട് സംബ ന്ധിച്ച പാസ്സ് ബുക്ക് അടക്കമുള്ള എല്ലാ രേഖകളും ഫയലുകളും രേഖാമൂലം ചാർജ്ജ്

കൈമാറുന്ന അസിസ്റ്റന്റ് രജിസ്ട്രാർ നൽകേണ്ടതാണ്. ചാർജ്ജ് ഏറ്റെടുക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ ഇക്കാര്യം ഉറപ്പാക്കേണ്ടതുമാണ്.

V. കോമൺ ലിക്വിഡേഷൻ ഫണ്ട് വിനിയോഗം, ബാക്കി നിൽപ് എന്നിവ സംബന്ധിച്ച വിവരം ചുവടെ പരാമർശിക്കുന്ന മാതൃകയിൽ ലിക്വിഡേഷൻ പുരോഗതി റിപ്പോർട്ടിനോടൊപ്പം എല്ലാ മാസവും **10**-ാം തീയതിയ്ക്കുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ.

## <u>കോമൺ ലികിഡേഷൻ ഫണ്ടിന്റെ ……………. മാസത്തെ പുരോഗതി വിവരം</u>

**<u>ജില്ല :</u>**

| മുൻ ബാക്കി നിൽപ് (രൂപയിൽ) | തൻമാസം നിക്ഷേപിച്ചത് (രൂപയിൽ) | ആകെ (രൂപയിൽ) | തൻമാസം പിൻവലിച്ചത് (രൂപയിൽ) | തൻമാസാവസാനത്തെ ബാക്കി നിൽപ് (രൂപയിൽ) | സംഘങ്ങളുടെ ബാധ്യത തീർക്കുന്നതിന് വിനിയോഗിച്ച തുക സംബന്ധിച്ച വിവരം (രൂപയിൽ) (സംഘങ്ങളുടെ പേര് ഉൾപ്പെടെ) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ജോയിന്റ് രജിസ്ട്രാർ (ജനറൽ)